**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3125** **14-02-2024 - ൽ മറുപടിയ്ക്ക്**

**കൊയിലാണ്ടി മണ്ഡലത്തിൽ ജല ജീവൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കൊയിലാണ്ടി മണ്ഡലത്തിൽ ജല ജീവൻ പദ്ധതിയുടെ ഭാഗമായി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് കുഴിയെടുത്തതിന്റെ ഭാഗമായി തകർന്ന റോഡുകളുടെ പുനഃരുദ്ധാരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | കൊയിലാണ്ടി മണ്ഡലത്തിൽ ജല ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് കുഴിയെടുത്തതിന്റെ ഭാഗമായി തകർന്ന റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. ഗ്രാമപഞ്ചായത്തുകൾ നൽകുന്ന ലിസ്റ്റ് അനുസരിച്ച് മുൻഗണന നൽകി അടിയന്തിരമായി മുഴുവൻ റോഡുകളുടെയും പുനരുദ്ധാരണ പ്രവൃത്തികൾ നടത്തി വരുന്നു. |
| (ബി) | ഇതിനായി ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; | (ബി) | ജല ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി കുഴി എടുത്ത റോഡുകൾ പൂർവ്വസ്ഥിതിയിൽ ആക്കുന്നതിനുള്ള ഫണ്ട് അതാത് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | റോഡുകളുടെ റിസ്റ്റോറേഷൻ എന്നത്തേക്ക് പൂർത്തീകരിക്കാനാകും എന്ന് വ്യക്തമാക്കാമോ? | (സി) | പൈപ്പിടൽ പൂർത്തിയായ സ്ഥലങ്ങളിൽ റോഡ് പുനരുദ്ധാരണം നടന്നു വരുന്നു. ഓരോ പഞ്ചായത്തിലും ജല ജീവൻ മിഷൻ പദ്ധതി പൂർത്തീകരിക്കുന്ന ഘട്ടത്തിൽ റോഡുകളുടെ പുന:സ്ഥാപനം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ